# ജനം ഭരണമാറ്റം ആഗ്രഹിക്കുന്നു: രമേശ് ചെന്നിത്തല

അഭിമുഖം



ജോസ് കണിയാലി






**കേ**രള രാഷ്ട്രീയത്തിലെ എക്കാലത്തെയും മികച്ച ഒരു നേതാവാണ് രമേശ് ചെന്നിത്തല. ജനഹൃദയങ്ങളിൽ അദ്ദേഹം സമാനതകൾ ഇല്ലാതെ തുടരുമ്പോൾ, കടന്നുവന്ന വഴികളും ജീവിതം മാറ്റിമറിച്ച നിമിഷങ്ങളും, രാഷ്ട്രീയ രാത്രി പകലുകളും എവിടെയെങ്കിലും ഒക്കെ അടയാളപ്പെടണമെന്ന് തോന്നിയിട്ടുണ്ട്. അമേരിക്കയിൽ ഹ്രസ്വ സന്ദർശനത്തിനെത്തിയ അദ്ദേഹം കേരളാ എക്സ്പ്രസ്സിന് നൽകിയ അഭിമുഖം.

**ചോദ്യം: രാഷ്ട്രീയത്തിലേക്കുള്ള ചുവടുവയ്പ്പ്, എങ്ങനെയായിരുന്നു? കോൺഗ്രസ് ആശയം എങ്ങനെ സ്വാധീനിച്ചു?**

**ഉത്തരം:** സത്യത്തിൽ രാഷ്ട്രീയത്തിൽ തീരെ താല്പര്യമില്ലാത്ത ഒരാളായിരുന്നു ഞാൻ, എന്നാൽ വിധി മറ്റൊന്നായിരുന്നു. മനുഷ്യർക്കുവേണ്ടി അവർക്കൊപ്പം ജീവിക്കുക എന്നതായിരുന്നു ദൈവം എനിക്ക് നൽകിയ ദൗത്യം. അത് ഞാൻ വേണ്ടെന്നു വച്ചാലും എന്നെ തിരഞ്ഞു വരുമല്ലോ. രാഷ്ട്രീയത്തിന് എതിരായി നിൽക്കുന്ന അല്ലെങ്കിൽ അതിനെ അനുകൂലിക്കാതെ നിൽക്കുന്ന എന്റെ തലവര മാറ്റിയ അല്ലെങ്കിൽ എന്നെ മാറ്റി ചിന്തിപ്പിച്ച ഒരു സംഭവം ഉണ്ടായത് ഓണത്തിന് ഒരു പറ നെല്ലായിരുന്നു.

കെ.എസ്.യുവിൽ ചേരണമെന്ന് എന്നോട് പലരും പലതവണ പറയുമായിരുന്നു. എന്നാൽ അന്നൊക്കെ ഞാൻ രാഷ്ട്രീയത്തോട് അധികം താല്പര്യം ഇല്ലാത്ത ഒരാളായിരുന്നു പഠനമായിരുന്നു എന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ട് തന്നെ വരുന്നവരോടൊക്കെ പഠിക്കാനുണ്ട് എന്ന ഒരു കാരണമാണ് ഞാൻ പറഞ്ഞു കൊണ്ടിരുന്നത്. അന്ന് ഉമ്മൻചാണ്ടി കെഎസ്‌യു പ്രസിഡന്റ് ആയിരുന്ന കാലമായിരുന്നു അത്. 'ഓണത്തിന് ഒരു പറ നെല്ല്' എന്ന ഒരു പദ്ധതി അന്ന് അദ്ദേഹം നമ്മുടെ സ്കൂളിൽ കൊണ്ടു വന്നു. രാഷ്ട്രീയം ആ പദ്ധതിയിൽ ഇല്ലായിരുന്നു, അതുകൊണ്ടുതന്നെ ഞാനും ആ പദ്ധതിയുടെ ഭാഗമാവുകയും, തുടർന്ന് അതൊരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിലേക്ക് വളരുകയും ചെയ്തു. അതായത് പാർട്ടി കണ്ടല്ല ഞാൻ രാഷ്ട്രീയക്കാരൻ ആയത്, മനുഷ്യരുടെ ആശയങ്ങളോടുള്ള സ്നേഹവും കരുതലും കണ്ടിട്ടാണ്. രാഷ്ട്രീയത്തിൽ എനിക്ക് ഗോഡ് ഫാദർ ഒന്നും ഉണ്ടായിരുന്നില്ല. പക്ഷേ, കെ. കരുണാകരൻ എന്ന വലിയ മനുഷ്യൻ എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട്. ഓരോ നിമിഷങ്ങളിലും അദ്ദേഹം തരുന്ന കരുത്ത് വളരെ വലുതായിരുന്നു. രാജീവ് ഗാന്ധിയും അത്തരത്തിൽ എന്നെ വല്ലാതെ സ്വാധീനിച്ച വ്യക്തിയായിരുന്നു.

**ചോദ്യം: കേരളത്തിൽ കോൺഗ്രസിന്റെ ഇന്നത്തെ സാഹചര്യത്തെ എങ്ങനെ വിലയിരുത്തുന്നു?**

**ഉത്തരം:** നിലവിലെ സാഹചര്യത്തിൽ പുതുതായി കോൺഗ്രസ് കൈക്കൊണ്ടിട്ടുള്ള നേതൃത്വം മാറ്റുക എന്ന നടപടി സ്വാഗതാർഹമാണ്. പുതിയ കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് സമർത്ഥനായ ഒരു നല്ല വ്യക്തിയാണ്. അതോടൊപ്പം തന്നെ അദ്ദേഹം നല്ലൊരു അഭിഭാഷകനും, പ്രാസംഗികനും, ആളുകളോട് സൗമ്യമായി ഇടപെടുന്ന വ്യക്തിയും കൂടിയാണ്. ഒരു യഥാർത്ഥ നേതാവിന് വേണ്ട എല്ലാ ഗുണഗണങ്ങളും സണ്ണിയ്ക്കുണ്ട്. അതുകൊണ്ടുതന്നെ പുതിയ മാറ്റം വലിയ രീതിയിൽ തന്നെ കോൺഗ്രസിൽ പ്രതിഫലിക്കും എന്ന് തന്നെയാണ് കരുതുന്നത്. കോൺഗ്രസിന്റെ ഓരോ നേതൃമാറ്റത്തേയും ജനാധിപത്യ വിശ്വാസികൾ ഹൃദയം കൊണ്ടാണ് സ്വീകരിച്ചിട്ടുള്ളത് എന്നത് ചരിത്രം നോക്കിയാൽ അറിയാവുന്നതാണ്.

**ചോദ്യം: കേരളത്തിലെ മത നേതാക്കൾ കോൺഗ്രസിന് മൂക്കുകയറിടുന്നു എന്ന ഒരു വിമർശനം ഉണ്ട്. ഇതിനോട് യോജിക്കുന്നുണ്ടോ?**

**ഉത്തരം:** കേരളത്തിൽ യുഡിഎഫും എൽഡിഎഫും തമ്മിലുള്ള ഒരേയൊരു വ്യത്യാസം തന്നെ ജോസ് ചോദിച്ച ചോദ്യത്തിലുണ്ട്. അതായത്, എൽ.ഡി.എ.ഫിൽ പാർട്ടി എടുക്കുന്ന തീരുമാനങ്ങൾ തന്നെയാണ് അന്തിമമായത്. അതിൽ മറ്റാർക്കും കൈകടത്താൻ കഴിയില്ല മാറ്റങ്ങൾ വരുത്താനും സാധിക്കില്ല. എന്നാൽ യുഡിഎഫിലേക്ക് വരുമ്പോൾ കാര്യങ്ങൾ നേരെ തിരിച്ചാണ്. അവിടെ എല്ലാവർക്കും പറയാനും ഇടപെടാനുമുള്ള സ്വാതന്ത്ര്യമുണ്ട്. പുരോഹിതന്മാർക്കും, മെത്രാന്മാർക്കും മറ്റു മത നേതാക്കൾക്കും തുടങ്ങി ആർക്ക് വേണമെങ്കിലും ഇവിടെ അഭിപ്രായങ്ങൾ ഉന്നയിക്കാൻ കഴിയും. അത് കണക്കിലെടുക്കണോ വേണ്ടയോ എന്നത് പാർട്ടിയുടെ തീരുമാനമാണ്. പക്ഷേ ഒരാളുടെയും അഭിപ്രായ സ്വാതന്ത്ര്യത്തെ യു. ഡി. എഫ് ചോദ്യം ചെയ്യുന്നില്ല എന്നതാണ് ഞങ്ങളുടെ വിജയം.

കേരളത്തിലെ നിലവിലെ അവസ്ഥ ഒന്നു നോക്കുക, അത് ഞാനിപ്പോൾ പറയുന്നത് അഭിപ്രായസ്വാതന്ത്ര്യത്തെ കുറിച്ച് ചോദിച്ചത് കൊണ്ട് മാത്രമാണ്. യഥാർത്ഥത്തിൽ ഇവിടെ ദുരിതമനുഭവിക്കുന്നത് കർഷകരാണ്. അല്ലെങ്കിൽ വനമേഖലയോട് ചേർന്ന് താമസിക്കുന്നവരാണ്. എന്ത് സുരക്ഷയാണ് അവരുടെ ജീവന് ഇവിടെയുള്ളത്? പുലി കടിച്ചു കൊല്ലുന്നു, ആന ചവിട്ടി കൊല്ലുന്നു, പന്നി ആക്രമിക്കുന്നു എന്നിങ്ങനെ ഓരോ ദിവസവും എത്രയെത്ര കർഷകരുടെ ദുരിതമാണ് നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത്. കർഷകരുടെ പാർട്ടിയായ കേരള കോൺഗ്രസ് എൽഡിഎഫിനൊപ്പം ഉണ്ടായിട്ടും മേൽപ്പറഞ്ഞ പ്രശ്നങ്ങളെക്കുറിച്ചൊന്നും ചോദിക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് അവിടെയില്ല. അതാണ് യുഡിഎഫിൽ ഉണ്ട് എന്ന് നിങ്ങളും ഞാനും അവകാശപ്പെടുന്നത്. അങ്ങനെയാണെങ്കിൽ ഈ പറഞ്ഞ അഭിപ്രായസ്വാതന്ത്ര്യം നല്ലതാണെന്ന് തന്നെയല്ലേ വിശ്വസിക്കേണ്ടത്?

**ചോദ്യം: കേരളത്തിൽ മനുഷ്യനെക്കാൾ വില മൃഗങ്ങൾക്കാണ് എന്ന് പലപ്പോഴും തോന്നാറുണ്ട്, ഉദാഹരണത്തിന് ഉപദ്രവിക്കാൻ വരുന്ന പന്നിയെ കൊല്ലേണ്ടി വന്നാൽ അത് പിന്നീട് വർഷങ്ങൾ നീണ്ടുനിൽക്കുന്ന കേസിലേക്ക് വരെ പോകുന്ന ഒരു അവസ്ഥ, ഇത് പരിഹരിക്കാൻ എന്തെങ്കിലും മാർഗം കോൺഗ്രസ് എന്ന പാർട്ടിയുടെ ഭാഗത്ത് നിന്ന് ഉണ്ടോ?**

**ഉത്തരം:** അനധികൃതമായി വനങ്ങൾ കയ്യേറുകയും അതുവഴി, കാടുകളെ അവിടെയുള്ള വന്യജീവികളെ, മറ്റു വനവിഭവങ്ങളെ എല്ലാം വലിയ രീതിയിൽ ചൂഷണം ചെയ്യുകയും, ഗുണ്ടാസംഘങ്ങളുടെ ഒരു താവളമായി അവിടെ മാറുകയും ചെയ്ത സാഹചര്യത്തിൽ ഇന്ദിരാ ഗാന്ധിയാണ് 1975-ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്റ്റ് കൊണ്ടുവരുന്നത്. ഇത് വളരെയധികം ഉപകാരപ്രദമായ ഒരു നിയമമാണ്. പക്ഷേ അതുപോലെ തന്നെ ഇരുതലയുള്ള മൂർച്ചയേറിയ ഒരായുധം പോലെയാണ്.

ചില വിദേശ രാജ്യങ്ങളിൽ മൃഗവേട്ടയുണ്ട്. അതായത് മൃഗങ്ങളുടെ എണ്ണം വർധിക്കുന്നതിന് അനുസരിച്ച് മൃഗവേട്ട അതിനെ നിയന്ത്രിക്കുന്നു. ഇവിടെ അതിനുള്ള ഒരു അവസരം ഇല്ലാത്തതു കൊണ്ടുതന്നെ, വരൾച്ചയും മറ്റു ഭക്ഷണം കിട്ടാത്ത അവസ്ഥയും ഉണ്ടാകുമ്പോൾ കാടുകളിൽ നിന്ന് മൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലേക്ക് വരുന്നു. ഇവ പിന്നീട് മനുഷ്യരെ ആക്രമിക്കുന്നു അതുപോലെതന്നെ മനുഷ്യർ വളർത്തുന്ന മറ്റു മൃഗങ്ങളെ ആക്രമിച്ചു കീഴ്പ്പെടുത്തുന്നു എന്ന ഒരു അവസ്ഥയിലേക്ക് കാര്യങ്ങൾ മാറുന്നു.

കേന്ദ്രത്തിന്റെ നിയമമാണ് ഇവിടെ മാറ്റേണ്ടത്. കേന്ദ്രം തന്നെയാണ് കൃത്യമായ ഇടപെടൽ ഈ വിഷയത്തിൽ നടത്തേണ്ടത്. അവരത് ചെയ്യുന്നില്ല. ഇത്തരത്തിൽ ഒരു നിലപാട് ഉണ്ടാകുന്ന സമയത്ത് തന്നെ സംസ്ഥാനം അതിനെ മറികടക്കാൻ വേണ്ടി കാടുകളിൽ മൃഗങ്ങൾക്ക് വേണ്ട സംവിധാനങ്ങൾ ഒരുക്കണം.